# മഞ്ഞിന്റെ ചൂട്

## കാരൂർ സോമൻ

കറുത്ത പുലരിയിൽ പെയ്തിറങ്ങുന്ന
മഞ്ഞിലാണ് പുതിയ ലോകം
വെടിമരുന്നിന്റെ നാളഗോപുരങ്ങളിൽ
അതൊരംബരചുംബി

നിങ്ങളെയ്തു വിട്ട കൂരമ്പിൽ നിന്നും
എന്നിലേക്കിറങ്ങി വീണ
മകരമഞ്ഞിന്റെ ദാർഷ്ട്യശിഷ്ടം
അതത്രേ, പുതിയ ലോകം

കാരിരുമ്പിന്റെ മൂർദ്ധന്യതയിൽ
കണ്ടെടുത്ത മഞ്ഞിന്റെ
മലരിൽ വെയിലേറ്റു വാടിവീണ
സൂര്യമുഖത്തു നിന്നും
പൂമുഖത്തേയ്ക്കെത്തി നോക്കും,
ഈ മഞ്ഞിന്റെ ചൂട്.

**വിലാസം:**
കാരൂർ സോമൻ
ചാരുംമൂട് പി.ഒ
മാവേലിക്കര
690 505
E-Mail: karoorsoman@yahoo.com